# കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്

രണ്ടാം നില, നോർക്ക സെന്റർ ഗവ. ഗസ്റ്റ് ഹൗസിന് സമീപം
തൈക്കാട് പി.ഒ തിരുവനന്തപുരം - 695014
ടെലിഫോൺ: +471 2785500,2785507, ഫാക്സ്: 2785501
KNRKWB
E-mail: info@pravasikerala.org www.pravasikerala.org

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നടപടിക്രമം**

**(ഹാജർ: ശ്രീമതി. ഗീതാലക്ഷ്മി എം.ബി.)**

ഉത്തരവ് നമ്പർ: KNRKWB/623/2024-S7 ,തീയതി: 21-08-2024

വിഷയം : കേരള പ്രവാസി ക്ഷേമ ബോർഡ്- അവശത പെൻഷനുവേണ്ടി അപേക്ഷ സമർപ്പിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിലെയും, 2009-ലെ പ്രവാസി കേരളീയ ക്ഷേമ പദ്ധതിയിലെയും വ്യവസ്ഥകൾ പ്രകാരവും, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരവുമാണ് കേരള പ്രവാസി ക്ഷേമനിധി പെൻഷൻ അനുവദിക്കുന്നത്.

തൻറെ നിത്യവൃത്തിക്കായി ഏതെങ്കിലും തൊഴിൽ ചെയ്യുന്നതിന് സ്ഥായിയായ ശാരീരിക അവശത മൂലം പ്രാപ്തിക്കുറവ് അനുഭവിക്കുന്നതും ക്ഷേമനിധിയിൽ മൂന്നുവർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായമടച്ചിട്ടുള്ളതുമായ ഒരംഗത്തിന് മിനിമം പെൻഷൻ തുകയുടെ 40% നു തുല്യമായ തുക പ്രതിമാസ അവശതാ പെൻഷന് അർഹത ഉണ്ടായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അവശതാ പെൻഷൻ അപേക്ഷയുമായി ബന്ധപ്പെട്ട് നിരവധി സംശയങ്ങൾ അം ഗങ്ങൾക്കിടയിൽ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ക്ഷേമനിധി അംഗങ്ങളുടേയും ഇത്തരം അപേക്ഷകൾ ഓൺലൈൻ ആയി അപ്ലോഡ് ചെയ്യുവാൻ സഹായിക്കുന്ന ഓൺലൈൻ സർവ്വീസ് സെന്ററുകളുടേയും ശ്രദ്ധയ്ക്കായി അവശതാപെൻഷൻ സംബന്ധമായ നടപടി ക്രമങ്ങൾ/ രേഖകൾ അപ്ലോഡ് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. **അവശതാ പെൻഷന് അപേക്ഷ സമർപ്പിക്കുന്നതിനായുള്ള അർഹതാ മാനദണ്ഡങ്ങൾ.**

- തൻറെ നിത്യവൃത്തിക്കായി ഏതെങ്കിലും തൊഴിൽ ചെയ്യുന്നതിന് സ്ഥായിയായ ശാരീരിക അവശത മൂലം പ്രാപ്തിക്കുറവ് അനുഭവിക്കുന്നതും ക്ഷേമനിധിയിൽ മൂന്നുവർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായമടച്ചിട്ടുള്ളതുമായ ഒരംഗത്തിന് മിനിമം പെൻഷൻ തുകയുടെ 40% നു തുല്യമായ തുക പ്രതിമാസ അവശതാ പെൻഷന് അർഹതയുണ്ടായിരി ക്കുന്നതാണ്.
- ശാരീരിക അവശത ആരംഭിച്ച രണ്ടു വര്ഷം പൂർത്തീകരിക്കാത്തവർക്കും , ശാരീരിക അവശത ഉണ്ടെങ്കിലും തൊഴിൽ ചെയ്യുന്നതിനുള്ള പ്രാപ്തിക്കുറവ് ഇല്ലാത്തവർക്കും, ഇപ്രകാരം അവശത ഉണ്ടാകുന്ന കാലയളവ് വരെ അംശദായം അടച്ച് അംഗത്വം നിലനിർത്തിയിട്ടില്ലാത്തവർക്കും അവശത പെൻഷന് അർഹത ഉണ്ടായിരിക്കുന്നതല്ല.

- അവശത ആരംഭിച്ചത് തെളിയിക്കുന്നതിന് ചികിത്സിച്ച ഡോക്ടറുടെ സർട്ടിഫിക്കറ്റ് തെളിവായി നല്കാവുന്നതാണ്.
- അവശതാ പെൻഷന് മെഡിക്കൽ ബോർഡിൻറെ അറുപതു ശതമാനമോ അതിൽ കൂടുതലോ അവശതയുണ്ടെന്ന് കാണിക്കുന്ന സാക്ഷ്യപത്രത്തിൻറെ പകർപ്പും, മെഡിക്കൽ ബോർഡിൻറെ മറ്റേതെങ്കിലും രേഖയുണ്ടെങ്കിൽ അതും ഹാജരാക്കേണ്ടതാണ്.

**2. അവശതാ പെന്‍ഷനുവേണ്ടി ഓണ്‍ലൈനായി അപേക്ഷ സമര്‍പ്പിക്കേണ്ട വിധം**

- കേരള പ്രവാസി ക്ഷേമ ബോർഡിൻറെ വെബ്സൈറ്റ് ആയ **pravasikerala.org** ൽ കയറുക.

| |
|---|
| www.pravasikerala.org ⟶ Services ⟶ Already registered members എന്നീ ലിങ്ക് കളിലൂടെ കടന്ന് ⟶ Login- user name & password (create ചെയ്ത് / Login ചെയ്ത്) ⟶ Schemes ⟶ Pension എന്നിവയിലൂടെ കടന്ന് പോകുക. |

- ഇപ്രകാരം ലോഗിൻ ചെയ്തശേഷം ലഭിക്കുന്ന അപേക്ഷാ ഫോറത്തിൽ വിവരങ്ങൾ രേഖപ്പെടുത്തുകയും ആവശ്യമായ രേഖകൾ അപ്ലോഡ് ചെയ്യുകയും ചെയ്യുക.
- തുടർന്ന് ⟶ SUBMIT ⟶ ലിങ്ക് ഉപയോഗിച്ച് അപേക്ഷ സമർപ്പിക്കാവുന്നതാണ്.
- അവശതാ പെൻഷൻ അപേക്ഷ സമർപ്പിച്ചതിനുശേഷം അപേക്ഷയുടെ സ്റ്റാറ്റസ് ലോഗിൻവഴി പരിശോധിക്കാവുന്നതാണ്.

**3. അവശതാപെൻഷനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

1. അപേക്ഷകൻ/യുടെ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ .
2. അപേക്ഷകൻറെ ഒപ്പ് .
3. ജനന തീയതി തെളിയിക്കുന്ന രേഖ .

4 . മെഡിക്കൽ ബോർഡിൻറെ അറുപതു ശതമാനമോ അതിൽ കൂടുതലോ അവശതയുണ്ടെന്നു കാണിക്കുന്ന സാക്ഷ്യപത്രത്തിൻറെ പകർപ്പും മെഡിക്കൽ ബോർഡിൻറെ മറ്റേതെങ്കിലും രേഖയുണ്ടെങ്കിൽ അതും ഹാജരാക്കേണ്ടതാണ് .

6. അവശത ആരംഭിച്ചത് തെളിയിക്കുന്നതിന് ചികിത്സിച്ച ഡോക്ടറുടെ സർട്ടിഫിക്കറ്റ്.

5. ഏതെങ്കിലും നാഷണലൈസ്ഡ് ബാങ്ക് അക്കൗണ്ടിൻറെ പ്രിൻറ് ചെയ്ത പാസ്സ്ബുക്കിൻറെ പകർപ്പ് . (NRI അക്കൗണ്ട് സ്വീകാര്യമല്ല)

6. അപേക്ഷകൻറെ ബാങ്ക് അക്കൗണ്ട് രേഖയിലെ പേരും അപേക്ഷയിലെ പേരും വ്യത്യാസമുണ്ടെങ്കിൽ One and same certificate കൂടി അപ്ലോഡ് ചെയ്യേണ്ടതാണ്.

7. അപേക്ഷകൻറെ/യുടെ ആധാർ രേഖ.

8. അപേക്ഷകൻറെ നോമിനിയുടെ ഒപ്പോടുകൂടിയ സമ്മതപത്രം (മാതൃക)

**4. പൊതു നിർദ്ദേശങ്ങൾ**

- ദേശീയ സാമൂഹ്യ ക്ഷേമ പെൻഷൻ പദ്ധതി വഴിയോ, മറ്റേതെങ്കിലും വെൽഫെയർ സ്കീമുകൾ

വഴിയോ, പ്രതിമാസ പെൻഷൻ കൈപ്പറ്റുന്നവർക്ക് പ്രവാസി ക്ഷേമ പെൻഷൻ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുകയില്ല.

- സമർപ്പിക്കുന്ന വിവരങ്ങൾ/രേഖകൾ തെറ്റാണെന്ന് കണ്ടെത്തുന്ന പക്ഷം കേരള പ്രവാസി ക്ഷേമ ബോർഡിൽ നിന്നും കൈപ്പറ്റിയ എല്ലാ ആനുകൂല്യങ്ങളും തിരിച്ചടയ്ക്കുന്നതിനും, ബോർഡ് നിഷ്കർഷിക്കുന്ന പ്രകാരമുള്ള നിയമ നടപടികൾക്ക് വിധേയരാകുന്നതിനും ക്ഷേമനിധി അംഗങ്ങൾ പ്രതിജ്ഞാബദ്ധരായിരിക്കും.

Signed by
Geetha Lekshmi M B
Date: 21-08-2024 16:33:44

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

പകർപ്പ്:

1. എല്ലാ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർക്കും
2. ഐ.റ്റി മാനേജർ (വെബ്സൈറ്റിൽ പ്രസിദ്ധീകിരിക്കുന്നത്)
3. ജില്ലാ ഓഫീസുകൾ, GME< അക്ഷയ കേന്ദ്രം
4. സേവാ കേന്ദ്രങ്ങൾ, സൊസൈറ്റികൾ, ഏജൻസികൾ
5. മാനേജർ (ഫിനാൻസ്)
6. CA to CEO
7. അക്കൗണ്ട്സ് സെക്ഷൻ
8. ഓഫീസ് കോപ്പി.